അപ്രസക്ത യാന്ത്രികദിനം

[പ്രൊഫസ്സർ (ഡോ:) ജോയ് ടി. കുഞ്ഞാപ്പു, *D.Sc., Ph.D.*]

പ്രഭാതങ്ങൾ കവിതയ്ക്കുള്ളതാണ് –
"കാലത്ത് പാട്ടെഴുതണം" എന്ന്
പച്ചമലയാളക്കൂട്ടത്തിൽ ചൊല്ലാനുള്ളതിനാൽ
കയ്യെഴുത്തുപ്രതിയിൽ തുക്കടാ തുടക്കത്തിരുത്ത്.
കാവ്യനീതിവിതരണ സ്റ്റോറിൽ
വ്യാമിശ്രമില്ലാതെ കവിസ്വാതന്ത്ര്യം.
കിടക്ക മുതൽ കിടക്ക വരെ
ഇണചേർത്ത കൃത്രിമ ദിനചേഷ്ടാവിന്യാസം.
മൂരിനിവരുന്ന നിരവൽ;
നിലംതൊടാതെ പാദരക്ഷാപ്രവേശനം;
പ്രാണായാമ ശീല്ക്കാരം;
പത്മനാഭിയിൽ മുട്ടുകുത്തി
പ്രണയമില്ലാത്ത തണുചുംബനം.
വിരിമാർമ്മുകളിൽ ചുമൽപ്പരപ്പിൽ
നിഷ്ഫലത നിപതിച്ച നിശ്വാസം.

ശൈത്യമ്ലാനത ഒരു മൂഷിക കൂട്ടുകുടുംബം.
പാൽവെള്ളബ്ബൾബിന്റെ കതിരുകൾ
സൂര്യകോടി തേജസ്സിനു മുഖമ്കോട്ടി മത്സരം.
മുന്നറിയിപ്പില്ലാതെ കുലുങ്ങുന്ന
ഒറ്റപ്പെട്ട നഗ്നവാനരവൃക്ഷശ്ശാഖയിൽ
സ്ഥൂലനിബിഡ ചാപല്യഗാഢത.
കാലത്തെ കാലചക്ര നൈസർഗ്ഗികത
വസന്തവിരിപ്പിന്റെ കീഴ്ച്ചുണ്ട്.
വ്യാമോഹഭാഷയിൽ വലതുകവിളിൽ

നുണക്കുഴി നുണയുന്ന നായാട്ട്.
പരാഗത്തിയിൽ നീർ പൊഴിക്കുന്ന
രണ്ട് ആന്തരദഹനയന്ത്രങ്ങൾ.
കൺമൂക്കു ചൂളംവിളിയിൽ
കല്യാണവസന്തരാഗ ചടുലനൃത്യം.
വിഷധൂസരധൂളി പുല്ലിലകളിൽ
തോളുരുമ്മുന്ന അതിക്രമണം.
ഒഴികഴിവിന്റെ മൂക്കുപിഴിച്ചിൽ.
ഊടുവഴിയിലോടുന്ന കരിപ്പുനടത്തം.
തെക്കേ വീഥിയിൽ മെലിഞ്ഞ വിദേശി
വ്യാജനിർമ്മിത സിഗാർ ചുണ്ടോടണച്ച്
പുകവലി മറക്കുന്ന പരസ്യത്തിൽ
എലെക്ട്രോണിക്ക് സിഗറെറ്റൂതി
നയതന്ത്ര ഊഷ്മള വാചാലത.

മുളപ്പടിപ്പുറത്ത് പിണ്ഡം വെക്കുന്ന
കിടപ്പറ സ്വപ്നപ്പഴക്ക ആക്കമിറക്കങ്ങൾ.
ഉറക്കക്കണ്ണീരിൽ അന്ത്യശ്വാസ പഥ്യമുറയിൽ
ഭ്രഷ്ടുകൽപ്പിക്കുന്ന നാടൻപരിപൂർണ്ണതയിൽ
ദ്രുതകാകളിയും കേകയും പഞ്ചചാമരവും
മറക്കുന്ന കവിതാമറയത്തെ കണ്ണരിപ്പ്.

കുതിരമാളികയിലെ രാഗമാലികയിൽ
രാജന്റെ ഉറക്കുന്ന സുഗന്ധത്താരാട്ടിൽ
അപ്പസ്തോലന്റെ വിശ്വാസ പ്രകടനം.
നിദ്രാചക്രം നെയ്യുന്ന മാന്ത്രികസ്പർശത്തിൽ
പാരസ്പര്യാനുരണനം സ്ഥാനംമാറുന്ന,
സംഗീതനാടക പശ്ചാത്തലത്തിലെ
പ്രേരകവചനരൂപ മേളക്കൊഴുപ്പിൽ
കൂർക്കംവലിച്ചുണരുന്ന
തഴുകിത്തടിച്ച മോതിരവിരലുകൾ.
****